# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4702

20.10.2011 ൽ മറുപടിയ്ക്ക്

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരും, അദ്ധ്യാപകരും, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാരും നിർബന്ധമായും ചേരാണ്ടതായ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു കൂടി ബ ാധകമായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പദ്ധതി, എന്നിവ ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പാക്കുന്നു. ധനസമൃദ്ധി, ധനവർഷ എന്നിങ്ങനെ രണ്ടു പുതിയ പദ്ധതികൾ വകുപ്പു വഴി നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്വഹിതം അനുസരിച്ച് ഈ പദ്ധതികളിൽ ചേരാവുന്നതാണ്.<br>സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളവയുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും, സർക്കാരിന് ഏതെങ്കിലും വിധത്തിൽ സാമ്പത്തിക താല്പര്യമുള്ള സ്ഥാപനങ്ങളുടേയും, വസ്തു വകകളുടെയും താഴെ പറയുന്ന ഇനത്തിലുള്ള ജനറൽ ഇൻഷ്വറൻസ് ഈ വകുപ്പു വഴിയാണ് കൈകാര്യം ചെയ്തു വരുന്നത്.<br>1. ഫയർ ഇൻഷ്വറൻസ്.<br>2. മറൈൻ ഇൻഷ്വറൻസ്. |

| | |
|---|---|
| | 3. ആക്ട് ഇൻഷ്വറൻസ്.<br>4. മിസ്സലേനിയസ് ഇൻഷ്വറൻസ്.<br>i) ബോയിലർ ഇൻഷ്വറൻസ്.<br>ii) എംപ്ലോയീസ് ലയബിലിറ്റി ഇൻഷ്വറൻസ്.<br>iii) ഇലക്ട്രോണിക്സ് എക്യുപ്മെന്റ് ഇൻഷ്വറൻസ്.<br>iv) ഫിഡിലിറ്റി ഗ്യാരന്റി ഇൻഷ്വറൻസ്.<br>v) മെഷിനറി ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ്.<br>vi) മണി-ഇൻ-ട്രാൻസിറ്റ് ഇൻഷ്വറൻസ്.<br>vii) മോട്ടോർ കോംപ്രഹെൻസീവ് ഇൻഷ്വറൻസ്.<br>viii) നാഷണൽ സേവിംഗ്സ് ഏജന്റ്സ് ഇൻഷ്വറൻസ്.<br>ix) പബ്ളിക്ക് ലയബിലിറ്റി ഇൻഷ്വറൻസ്.<br>x) പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്.<br>xi) വർക്ക്മെൻ കോമ്പൻസേഷൻ. |
| ബി) പൊതുജനങ്ങൾക്ക് ലൈഫ് ഇൻഷ്വറൻസ് പോളിസികൾ ഇഷ്യൂ ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | പൊതു ജനങ്ങൾക്ക് ലൈഫ് ഇൻഷ്വറൻസ് പോളിസി നിലവിലില്ല. |
| സി) ഉണ്ടെങ്കിൽ ആയതിന് കൂടുതൽ പ്രചാരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | പൊതു ജനങ്ങൾക്ക് ലൈഫ് ഇൻഷ്വറൻസ് പോളിസി നിലവിലില്ലാത്തതിനാൽ പ്രചാരണം നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ